File No.REV-DRF-A1/48/2020-REV

5149
11/8/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി- തീരദേശമേഖലയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിതമായി പുനരധിവസിപ്പിക്കുന്നതിനുള്ള 'പുനർഗേഹം' പദ്ധതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി യിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(കൈ) നം.89/2020/റവ. തീയതി,തിരുവനന്തപുരം, 05/03/2020

പരാമർശം:- 1 02.07.2019 ലെ സ.ഉ(കൈ)നം. 212/2019/റവ

2 26.12.2019 സ.ഉ(സാധാ)നം.1009/2019/മഉവ

ഉത്തരവ്

തീരദേശമേഖലയിൽ താമസിക്കുന്ന, നിരന്തരം കടലാക്രമണ ഭീഷണി നേരിടുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്, മത്സ്യബന്ധന തുറമുഖ വകുപ്പ് പദ്ധതി തയ്യാറാക്കുന്ന മുറയ്ക്ക്, ആയതിലേക്കാവശ്യമായ ചെലവ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഭാഗികമായി വഹിക്കുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. അപ്രകാരം മത്സ്യബന്ധന തുറമുഖ വകുപ്പ് 'പുനർഗേഹം' എന്ന പേരിൽ പദ്ധതി വിഭാവനം ചെയ്ത് പരാമർശം ( 2 ) പ്രകാരം ഉത്തരവായിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതമായി നടപ്പ് സാമ്പത്തിക വർഷം (2019-2020) 200,00,00,000/- രൂപ (ഇരുന്നൂറ് കോടി രൂപ മാത്രം) ഫിഷറീസ് ഡയറക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

2.വിതരണത്തിനാവശ്യമായി വരുന്ന 200,00,00,000/- രൂപ (ഇരുന്നൂറ് കോടി രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും, ഫിഷറീസ് ഡയറക്ടറുടെ പേരിൽ TSB അക്കൗണ്ട് തുടങ്ങുന്ന മുറയ്ക്ക് പ്രസ്തുത അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്. .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വേണു.വി
പ്രിൻസിപ്പൽ സെക്രട്ടറി

പകർപ്പ് ,

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. മത്സ്യബന്ധനവും , ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

മത്സ്യബന്ധന തുറമുഖ വകുപ്പ്

ദുരന്ത നിവാരണ വകുപ്പ്

പൊതുഭരണ (എസ്.സി)വകുപ്പ് (04.03. 2020-ലെ ഇനം നം. 3852 പ്രകാരം)

ബഹു.മുഖ്യമന്ത്രിയുടെ കംപ്യൂട്ടർ സെൽ

റവന്യൂ (ഡിആർഎഫ്-ബി/ സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by DEEPU S S
Date: 2020.03.06 10:37:36 IST
Reason: Approved

സെക്ഷൻ ഓഫീസർ